**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **29-09-2025 - ൽ മറുപടിയ്ക്ക്**

**അനുഭവം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷിഭവനുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി അനുഭവം (അസ്സസ്മെന്റ് ഫോർ നർച്ചറിങ് ആൻഡ് അപ്ലിഫ്റ്റിംഗ് ബെനിഫിഷ്യറി ഹാപ്പിനെസ് ആൻഡ് അഗ്രിക്കൾച്ചറൽ വിസിറ്റർ അസ്സെസ്മെന്റ് മെക്കാനിസം) എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ കർഷകർക്ക് മികച്ച പിന്തുണ നൽകുന്നതിനും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തന നിലവാരം കൂടുതൽ മെച്ചപ്പെടുത്തി കർഷകർക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കുന്നതിനുമായി ലക്ഷ്യമിട്ടുകൊണ്ടുള്ള ‘ANUBHAVAM’ പദ്ധതിക്ക് 27.07.2024 തീയതിയിലെ G.O.(Ms)No.80/2024/Agri നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br><br>കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൃഷിഭവൻ സന്ദർശിക്കുന്ന കർഷകരിൽ നിന്നും തത്സമയ പ്രതികരണങ്ങൾ ശേഖരിക്കുന്നതിലൂടെ, കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കുന്നതിനും അതിലൂടെ കാർഷിക സേവന സംവിധാനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.<br><br>സംസ്ഥാനത്തെ കൃഷിഭവനുകളിൽ 2024 ഓഗസ്റ്റ് 17 (ചിങ്ങം 1) മുതൽ പദ്ധതി പൂർണ്ണരൂപത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഓരോ കൃഷിഭവനിലും സ്ഥാപിച്ചിട്ടുള്ള വ്യക്തിഗത QR കോഡുകൾ സ്കാൻ ചെയ്ത് കർഷകർക്ക് കൃഷിഭവനിലെ സേവനങ്ങളെക്കുറിച്ച് അവരുടെ പ്രതികരണങ്ങളും റേറ്റിംഗുകളും തത്സമയം രേഖപ്പെടുത്താം. കർഷകരുടെ പ്രശ്നങ്ങൾ വേഗത്തിൽ മനസ്സിലാക്കാനും പരിഹരിക്കാനും ഈ പ്രതികരണ |

| | | | |
|---|---|---|---|
| | | | സംവിധാനത്തിലൂടെ (Systematic Feedback Mechanism) സാധ്യമാക്കുന്നു.<br><br>കൂടാതെ മികച്ച സേവനം നൽകുന്ന കൃഷി ഭവനുകളെയും ഉദ്യോഗസ്ഥരെയും തിരിച്ചറിയാനും അവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നു. ഇത് ഉദ്യോഗസ്ഥരുടെ ജോലിയോടുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുകയും അവർക്കിടയിൽ ആരോഗ്യപരമായ ഒരു മത്സരബുദ്ധി വളർത്തുകയും അതിലൂടെ മൊത്തത്തിലുള്ള സേവന നിലവാരം ഉയർത്തുകയും ചെയ്യുന്നു. |
| (ബി) | വകുപ്പ് നൽകുന്ന വിവിധ സേവനങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിനും ഇതിനായി ഉദ്യോഗസ്ഥരുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രസ്തുത സംരംഭം എത്രത്തോളം സഹായകരമാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാനത്തെ കർഷകർക്ക് മികച്ച പിന്തുണ നൽകുന്നതിനും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തന നിലവാരം കൂടതൽ മെച്ചപ്പെടുത്തി കർഷകർക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കുന്നതിനുമായി ലക്ഷ്യമിട്ടുകൊണ്ടുള്ള 'ANUBHAVAM' പദ്ധതിക്ക് 27.07.2024 തീയതിയിലെ G.O.(Ms)No.80/2024/Agri നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br><br>കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൃഷിഭവൻ സന്ദർശിക്കുന്ന കർഷകരിൽ നിന്നും തത്സമയ പ്രതികരണങ്ങൾ ശേഖരിക്കുന്നതിലൂടെ, കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കുന്നതിനും അതിലൂടെ കാർഷിക സേവന സംവിധാനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.<br><br>സംസ്ഥാനത്തെ കൃഷിഭവനുകളിൽ 2024 ഓഗസ്റ്റ് 17 (ചിങ്ങം 1) മുതൽ പദ്ധതി പൂർണ്ണരൂപത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഓരോ കൃഷിഭവനിലും സ്ഥാപിച്ചിട്ടുള്ള വ്യക്തിഗത QR കോഡുകൾ സ്കാൻ ചെയ്ത് കർഷകർക്ക് കൃഷിഭവനിലെ സേവനങ്ങളെക്കുറിച്ച് അവരുടെ പ്രതികരണങ്ങളും റേറ്റിംഗുകളും തത്സമയം രേഖപ്പെടുത്താം. കർഷകരുടെ പ്രശ്നങ്ങൾ വേഗത്തിൽ മനസ്സിലാക്കാനും പരിഹരിക്കാനും ഈ പ്രതികരണ സംവിധാനത്തിലൂടെ (Systematic Feedback Mechanism) സാധ്യമാക്കുന്നു.<br><br>കൂടാതെ മികച്ച സേവനം നൽകുന്ന കൃഷി ഭവനുകളെയും ഉദ്യോഗസ്ഥരെയും തിരിച്ചറിയാനും |

| | | | |
|---|---|---|---|
| | | | അവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നു. ഇത് ഉദ്യോഗസ്ഥരുടെ ജോലിയോടുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുകയും അവർക്കിടയിൽ ആരോഗ്യപരമായ ഒരു മത്സരബുദ്ധി വളർത്തുകയും അതിലൂടെ മൊത്തത്തിലുള്ള സേവന നിലവാരം ഉയർത്തുകയും ചെയ്യുന്നു. |
| (സി) | വകുപ്പിൽനിന്നുള്ള സേവനാനുഭവങ്ങൾ വിലയിരുത്തുന്നതിന് ഉതകുംവിധം കാൾ സെന്റർ ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | "ANUBHAVAM" പദ്ധതിയുടെ ഭാഗമായി, സേവനാനുഭവങ്ങൾ വിലയിരുത്തുന്നതിനായി ഉന്നതതലത്തിൽ നിന്ന് കർഷകരെ നേരിട്ട് ബന്ധപ്പെടാൻ കഴിയുന്ന ഒരു കോൾ സെന്റർ സംവിധാനം SFAC-കേരള ഒരുക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ റേറ്റിംഗ് നൽകിയ കർഷകരെ നേരിട്ടു ബന്ധപ്പെടുന്നതിനും. കൃഷിവകുപ്പിൽ നിന്നുള്ള സേവനാനുഭവങ്ങൾ സർക്കാർ തലത്തിൽ വിലയിരുത്തുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ